# കേരള സർക്കാർ

സംഗ്രഹം

കേരള സംസ്ഥാന യുവജന കമ്മീഷനിലെ സെക്രട്ടറിയുടേയും ചെയർപേഴ്സന്റെയും പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ നിലവിലുള്ള സംയുക്ത അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ മാത്രമുള്ള സിംഗിൾ അക്കൗണ്ടാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

**സ.ഉ.(സാധാ)നം.7266/2018/ധന.** **തീയതി, തിരുവനന്തപുരം, 30/08/2018**

---

പരാമർശം
1. ജി.ഒ.(ആർറ്റി)നം. 8028/2012/ഫിൻ തീയതി 11/09/2012.
2. സ.ഉ.(അച്ചടി)നം. 5/2018/ക.യു.വ തീയതി 26/05/2018.
3. 23/07/2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ 563/എ 2/2018/കേ.സം.യു.ക നമ്പരായുള്ള കത്ത്.

## ഉത്തരവ്

പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം, കേരള സംസ്ഥാന യുവജന കമ്മീഷന്റെ പേരിലുള്ള സാമ്പത്തിക അധികാരങ്ങൾ കമ്മീഷൻ സെക്രട്ടറി നിർവഹിക്കണമെന്ന് പരാമർശിച്ചിട്ടുള്ളതിന്റെ വെളിച്ചത്തിൽ, പരാമർശം1-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷനിൽ സെക്രട്ടറിയുടേയും ചെയർപേഴ്സന്റെയും പേരിൽ അനുവദിച്ച സംയുക്ത അക്കൗണ്ട് കമ്മീഷൻ സെക്രട്ടറിയുടെ പേരിൽ മാത്രമുള്ള സിംഗിൾ അക്കൗണ്ടാക്കി മാറ്റിനൽകണമെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന യുവജന കമ്മീഷനിലെ സെക്രട്ടറിയുടേയും ചെയർപേഴ്സന്റെയും പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ നിലവിലുള്ള സംയുക്ത അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ മാത്രമുള്ള സിംഗിൾ അക്കൗണ്ടാക്കി മാറ്റി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ